# ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
# സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് - 2017

## നിബന്ധനകൾ

1. ഈ അവാർഡിന്റെ പേര് **'സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ്'**

   എന്നായിരിക്കും

2. എല്ലാ വർഷവും ഈ അവാർഡ് നൽകും.

3. സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പായിരിക്കും ഈ അവാർഡ് നിർണ്ണയത്തിനും വിതരണത്തിനുമുള്ള സംഘാടകരായി പ്രവർത്തിക്കുക.

4. ഓരോ വർഷവും വ്യത്യസ്ത വിഷയങ്ങളെ ആധാരമാക്കിയുള്ള ഫോട്ടോകൾക്കായിരിക്കും അവാർഡ് നൽകുക. ഓരോ വർഷവും വിഷയം സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് തീരുമാനിക്കും. ഈ വർഷത്തെ വിഷയം : ***ഹരിത കേരളം സുന്ദര കേരളം***

5. ലഭിക്കുന്ന എൻട്രികളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോകൾക്ക് യഥാക്രമം 50,000, 30,000, 25,000 രൂപ വീതം സമ്മാനം നൽകും. കൂടാതെ ഓരോ ജേതാവിനും സാക്ഷ്യപത്രവും ശില്പവും ലഭിക്കും. പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി 2,500 രൂപ വീതവും സാക്ഷ്യപത്രവും നൽകും

6. കുറഞ്ഞത് നാല് പേരടങ്ങിയ ഒരു ജഡ്ജിങ് കമ്മിറ്റിയായിരിക്കും വിജയികളെ തീരുമാനിക്കുന്നത്. കമ്മിറ്റിയിൽ ഒരു ചെയർമാനും മൂന്ന് അംഗങ്ങളും ഉണ്ടായിരിക്കും. ഭൂരിപക്ഷ അഭിപ്രായ പ്രകാരമായിരിക്കും വിജയികളെ കണ്ടെത്തുക.

7. കമ്മിറ്റിയിലെ നാല് അംഗങ്ങളിൽ ഒരാൾ മെമ്പർ സെക്രട്ടറി കൂടിയായിരിക്കും. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിലെ ചീഫ് ഫോട്ടോഗ്രാഫർ ആയിരിക്കും കമ്മിറ്റിയിലെ മെമ്പർ സെക്രട്ടറി.

8. ഫോട്ടോഗ്രാഫി പ്രൊഫഷനായി സ്വീകരിച്ചവർക്കും അമച്വർ ഫോട്ടോഗ്രാഫർമാർക്കും മത്സരത്തിൽ പങ്കെടുക്കാം. സർക്കാർ വകുപ്പുകളിലോ, സ്വയംഭരണ സ്ഥാപനങ്ങളിലോ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ ഫോട്ടോഗ്രാഫർമാരായി

ജോലി ചെയ്യുന്നവർ ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹരല്ല. പത്രഫോട്ടോഗ്രാഫർമാർക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ കഴിയുകയില്ല.

9 ഫോട്ടോകളിൽ മത്സരാർത്ഥിയെ തിരിച്ചറിയാനുള്ള വിലാസമോ അടയാളമോ ഉണ്ടാകാൻ പാടില്ല.

10. വിലാസവും ഫോൺ നമ്പരും ഈമെയിൽ ഐ.ഡിയും അപേക്ഷയോടൊപ്പം അടക്കം ചെയ്തിരിക്കണം.

11. മത്സരത്തിൽ എൻട്രികളായി ലഭിക്കുന്ന ഫോട്ടോഗ്രാഫുകൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് അവകാശപ്പെട്ടതും ഈ വകുപ്പിന് ഉപയോഗിക്കാൻ അധികാരമുള്ളതുമായിരിക്കും

12. അപ്രകാരം ഉപയോഗിക്കുന്ന ചിത്രങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഒരു തുക പ്രതിഫലമായി നൽകും.

13. ഡിജിറ്റൽ ഫോട്ടോകളും, സോഫ്റ്റ് കോപ്പിയും (സി.ഡി), അയയ്ക്കാം. കൃത്രിമ ഫോട്ടോകൾ എൻട്രികളായി സ്വീകരിക്കുന്നതല്ല.

14. സമ്മാനാർഹർ അവാർഡ് വാങ്ങുന്നതിനു മുമ്പ് ഡിജിറ്റൽ ഫോട്ടോ/സി.ഡികൾ ഹാജരാക്കേണ്ടതാണ്.

15. മത്സരവുമായി ബന്ധപ്പെട്ട് ഒരു വിധത്തിലുമുള്ള കത്തിടപാടുകളും അനുവദനീയമല്ല.

16. എൻട്രികളായി അയക്കുന്ന ഫോട്ടോയുടെ വലിപ്പം 18'' X 12'' ആയിരിക്കണം. കളർഫോട്ടോകൾ മാത്രമേ സ്വീകരിക്കുകയുള്ളു. കേടുപാടുകൾ പറ്റിയ ചിത്രങ്ങളും നിലവാരമില്ലാത്ത ചിത്രങ്ങളും മത്സരത്തിന് പരിഗണിക്കുന്നതല്ല. ലേസർ പ്രിന്റുകൾ പരിഗണിക്കുന്നതല്ല.

17. മത്സരത്തിന് ഒരാൾക്ക് മൂന്ന് എൻട്രികൾ വരെ അയയ്ക്കാം.

18. ഫോട്ടോഗ്രാഫി അവാർഡുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജൂറിസ്ഡിക്ഷനിലായിരിക്കും.

19. ഫോട്ടോഗ്രാഫി അവാർഡുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം സംസ്ഥാന സർക്കാരിന്റേതായിരിക്കും.

20. അവാർഡിനഹമായ എൻട്രികൾ ലഭിക്കാതെ വന്നാൽ അവാർഡ് നൽകാതിരിക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കും.

21. കേരളത്തിൽ നിന്നുള്ള ചിത്രങ്ങൾക്ക് മുൻഗണനന നൽകുന്നതായിരിക്കും.

22. മത്സരത്തിന് ലഭിക്കുന്ന ചിത്രങ്ങൾ തിരികെ നൽകുന്നതല്ല.

23. എൻട്രികൾ അയയ്ക്കേണ്ട വിലാസം- **ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം – 695001.**

24. അയയ്ക്കുന്ന കവറിനുപുറത്ത് **സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ്-2017** എന്ന് രേഖപ്പെടുത്തിയിരിക്കണം.

ഡയറക്ടർ
**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്**

കേരള സർക്കാർ

# ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

## സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് - 2017

### അപേക്ഷാ ഫാറം

| | |
|---|---|
| പേര് | |
| വിലാസം | |
| (എ) ഫോൺ/മൊബൈൽ | |
| (ബി) ഇ-മെയിൽ | |
| (സി) ഫാക്സ് | |
| പുരുഷൻ/സ്ത്രീ | |
| വയസ് | |
| ഫോട്ടോയുടെ വിഷയം | *ഹരിതകേരളം സുന്ദര കേരളം* |

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്നും സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡിന്റെ എല്ലാ നിയമങ്ങളും അറിയാമെന്നും അനുസരിക്കുമെന്നും, വിവരങ്ങൾ ഏതെങ്കിലും തെറ്റാണെന്ന് ബോധ്യമായാൽ മത്സരത്തിൽ നിന്ന് എന്നെ ഒഴിവാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:　　　　　　　　　　　　ഒപ്പ് :

തീയതി:　　　　　　　　　　　　പേര് :

വിലാസം :

---

എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി 2017 ആഗസ്റ്റ് 07 വൈകുന്നേരം 5 മണി വരെ